# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.6/2745/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.
ഇ-മെയിൽ dokkd.ksad.kerala.gov.in

Phone: 04952371012

തീയതി. 31.01.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.6/2745/2018 തീയതി. 31.01.2019.

## കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19/09/2017 മുതൽ 31/03/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ .സതീഷ്മാവേലി പുത്തൻവീട്,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10/12/2018 മുതൽ 18/12/2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലകൃഷ്ണൻ കെ.എം. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്യാംജിത്ത്. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സി.പി. സതീഷ്കുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ. രാജീവൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ അബ്ദുള്ള. വി. കെ. | 01.04.2017 മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ.പി.സി.വിൽസൺ | 01.04.2017 മുതൽ 07/08/17 വരെ |
| | ശ്രീ.മുഹമ്മദ്ഷഫീഖ് | 08/08/2017 മുതൽ 31/03/2018 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | പി.ബി.സജി | 01/04/2017മുതൽ 15/06/2018വരെ |
| -ടി- | ടി.ആർ. മനോജ് | 16/06/2017 മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അഖിൽ ഹരി | 01/04/2017 മുതൽ 07/10/2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ (ചാർജ്) | ശ്രീ.ഷാരോൺ എ.ഇ. (ചാർജ്) | 08/10/2017 മുതൽ 27/12/2017 വരെ) |
| അസിസ്റ്റന്റ് എഞ്ചിനീയർ (താൽക്കാലിക കരാർ നിയമനം) | ശ്രീ. ഭാസ്കരൻ. സി. | 28/12/2017 മുതൽ 31/03/2018 വരെ |
| കൃഷി ഓഫീസർ | ഷംന. എം. | 01.04.2017 മുതൽ 31/03/2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷൈന.പി.കെ | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അന. ഒ. ജി. | 01.04.2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഫൽഗുനൻ | 01.04.2016 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കിടാവ് ദർശൻ നാരായൺ | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ കുഞ്ഞിമൊയ്തീൻ വി.പി. | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. വിമല. സി. | 01.04.2017 മുതൽ 31.03.2018വരെ |
| വി.ഇ.ഒ. | ശ്രീ. ഷൈജിത്ത് | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം-1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | നികുതി പിരിവ് കാര്യക്ഷമമല്ല | 2-1 |
| | ഭാഗം-3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 15 | പട്ടികജാതി യുവാക്കൾക്ക് ടാക്സികാർ:അപാകതകൾ | 3-2 |
| 16 | പമ്പ് സെറ്റ് വിതരണം: കൈവശ ഭൂമിയുടെ കൃത്യത ഉറപ്പുവരുത്തിയില്ല | 3-3 |
| 17 | വനിതകൾക്ക് പശുവിതരണം:ക്ഷീര മേഖലയിൽ പ്രതിഫലിക്കുന്നില്ല. | 3-4 |
| 18 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കൂലിചെലവ് അനുവദിച്ചു | 3-5 |
| 19 | ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 3-6 |

| | | |
|---|---|---|
| 20 | തെരുവു വിളക്ക് സ്ഥാപിച്ചതിന്റെ രേഖകളില്ല | 3-7 |
| 21 | എഗ്രിമെന്റ് വെക്കാതെ തുക ഡെപ്പോസിറ്റു ചെയ്തു | 3-8 |
| 22 | പൊതുമരാമത്ത് പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 3-9 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 26 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപം | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 30 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

21/03/2017 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15/03/2018 തീയതിയിലെ 2 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2018 | 15/05/2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22/06/2018 മുതൽ 23/06/2018 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/1111/2018(69) |

| | | |
|---|---|---|
| | | തീ.16/07/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22557309 |
| വരവ് | 42560241 |
| ആകെ | 65117550 |
| ചെലവ് | 58200406 |
| നീക്കിയിരിപ്പ് | 6917144 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 14836750 | 14836750 | 11937442 | 2899308 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 3078912 | 3078912 | 2614060 | 464852 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 14198000 | 14198000 | 10756785 | 3441215 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 3230000 | 3230000 | 2345336 | 884664 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 6907764 | 6907764 | 2121375 | 4786389 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | - | 1980952 | 1980952 | 1800176 | 180776 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | - | 28941592 | 28941592 | 28941592 | - |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 46495 | 1322777 | 1369272 | 501778 | 867494 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടോട്ടൽ സാനിറ്റേഷൻ) | | 58400 | 287200 | 345600 | - | 345600 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ്) | | 108666 | 964206 | 1072872 | 752349 | 320523 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 757827 | 200000 | 957827 | 294620 | 663207 |
| | ജില്ലാ പഞ്ചായത്ത് | 556316 | 1575000 | 2131316 | 1012670 | 1118646 |
| ബി ഫണ്ട് | | - | 38020500 | 38020500 | 38020500 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 12782147 | 10205854 | 22988001 | 8662733 | 14325268 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 83100100 | 92 | 35154535 | 101 | 8 | 46 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46495 | 1322777 | 1369272 | 501778 | 867494 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 28941592 | 28941592 | 28941592 | - |
| ആകെ | 46495 | 30264369 | 30310864 | 29443370 | 867494 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 75600 | 153 |
| കർഷകതൊഴിലാളി പെൻഷൻ | 8868800 | 836 |
| വിധവാപെൻഷൻ | 11259000 | 975 |
| വാർദ്ധക്യകാലപെൻഷൻ | 13003400 | 1201 |
| വികലാംഗപെൻഷൻ | 3365100 | 324 |
| അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ | 130500 | 16 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10/12/2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26202 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു.തൊഴിൽ നികുതി വരുമാനം മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞുവരുന്ന പ്രവണത കാണുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി കാണുന്നുണ്ട്.എന്നാൽ തുടർനടപടി സ്വീകരിക്കുന്നില്ല. ജീവനക്കാരുടെ അടിക്കടിയുള്ള സ്ഥലംമാറ്റവും പഞ്ചായത്തിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിലും മോണിറ്ററിംഗിലും സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ജാഗ്രതയോടെ പ്രവർത്തിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 27/09/2018 | ആഗസ്റ്റ് 2018 | 27/09/2018 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/03/2006 | 1997-98മുതൽ 2004-05 വരെ | എൻ.ബി.എ(എച്ച്.ക്യു)1118എ -965/156 തീ.12/05/2006 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) സംയുക്ത പ്രൊജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽനിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 1881853 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി ബാലൻസ്ഷീറ്റിലെ ബി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സംയുക്ത പ്രൊജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ 200000 രൂപ മാത്രമാണ് നീക്കിയിരിപ്പ് ഉള്ളത്. തനത് ഫണ്ട് അക്കൗണ്ടിലുള്ള തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) കേരള വാട്ടർ അതോറിറ്റിയിൽ 750000 രൂപയും ഇറിഗേഷൻ വകുപ്പിൽ 215000 രൂപയും മുൻകൂർ നിക്ഷേപം നടത്തിയിട്ടുണ്ട്. എന്നാൽ മേൽ തുകകൾ ചെലവായാണ് രേഖപ്പെടുത്തിയത്. മുൻകൂർ നൽകുന്ന തുക Advance to implementing agencies എന്ന ഹെഡിലാണ് രേഖപ്പെടുത്തേണ്ടത്.

3) ഇ-ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടർ ഫോറംവില വരവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ഇത്തരത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരവ് വെച്ച തുക പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ലഭിക്കേണ്ട തുക എത്രയാണെന്ന കണക്കുകൾ പഞ്ചായത്ത് എ.ഇ. സൂക്ഷിച്ചിട്ടില്ല.

4) സ്റ്റോക്ക് ഇൻഹാന്റ് നീക്കിയിരിപ്പ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി-14)

5) വാർഷിക കണക്കുകൾ പ്രകാരം (ബി.12)1802518 രൂപ ഇൻവെസ്റ്റ്മെന്റ് നീക്കിയിരിപ്പുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം ഇത് 1802512 രൂപയാണ്.

6) തൊഴിൽ നികുതിയിനത്തിൽ 2017-18 വർഷം 599200 രൂപയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത് എന്നാൽ ഡിമാന്റ് തുകയെ സാധൂകരിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡിമാന്റ് തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7) ബിൽഡിംഗ് പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവയുടെ രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഡി.സി.ബി ഇനങ്ങളുടെ പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭീമമായ വസ്തുനികുതി കുടിശ്ശിക

വസ്തുനികുതി ഇനത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 1516476/- രൂപ കുടിശ്ശികയുണ്ട്.ഇത് പിരിച്ചെടുക്കുന്നതിന് ഓഡിറ്റ് വർഷം കാര്യമായ ശ്രമങ്ങളൊന്നും നടന്നിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ കാര്യത്തിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പുതിയതായി നിർമ്മിച്ച പലകെട്ടിടങ്ങളും ഗ്രാമ പഞ്ചായത്തിൽ നിന്ന് പെർമിറ്റ് എടുക്കാതെയും വസ്തു നികുതി അടയ്ക്കാതെയുമാണ് ഉള്ളത്. ഉദാഹരണമായി വിവരാവകാശ നിയമപ്രകാരം മുഹമ്മദലി പുത്തൂർവീട് എന്നയാൾക്ക് 01.01.2018ന് സെക്രട്ടറി കൊടുത്ത മറുപടിയിൽ അൽ അമീൻ ഇസ്ലാമിക് കൾച്ചറൽ സെന്റർ വേളം എന്ന സ്ഥാപനത്തിന്റെ വി.പി/420/20, 420/21, 420/22 എന്നീ റൂമുകൾ പെളിച്ച് പുതിയ കെട്ടിടം പണിതിട്ടുണ്ടെന്നും എന്നാൽ ഇതിന് ഗ്രാമപഞ്ചായത്തിൽനിന്ന് ഇതിന് പെർമിറ്റ് എടുത്തിട്ടില്ലെന്നമാണ് സൂചിപ്പിച്ചിരിക്കുന്നത്. മാത്രമല്ല കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതുമായിബന്ധപ്പെട്ട് റൈറ്റോഫ്, റമിഷൻ തുടങ്ങിയ രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കുടിശ്ശികവിവരങ്ങൾ ലഭ്യമാകാത്തതിനാൽ വസ്തുനികുതി കാലഹരണപ്പെടുന്നത് കൃത്യമായി നിരീക്ഷിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.ഇതിനാൽ വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെടുന്നത് സംബന്ധിച്ച് ശരിയായ പരിശോധന നടത്താൻ സാധിക്കുന്നില്ല.

2. തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ഇത് ഓരോ വർഷവും തുടങ്ങുന്ന പുതിയ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി കാലികമാക്കേണ്ടതും ആണ്. എന്നാൽ ഇത്തരത്തിൽ ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ഡി.ആന്റ് ഒ. ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും ഇതിന് നിശ്ചിത മാതൃകയിലുള്ള തൊഴിൽനികുതി റിട്ടേൺ വാങ്ങാതെയാണ് നികുതി ഈടാക്കിവരുന്നത്. ഇങ്ങനെ തൊഴിൽ നികുതി ഈടാക്കുമ്പോൾ ഗ്രാമപഞ്ചായത്തിന് നികുതി ഇനത്തിൽ നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ കൃത്യമായ പരിശോധനകൂടാതെയാണ് പല തൊഴിൽ നികുതി റിട്ടേണുകളും സ്വീകരിക്കുന്നതെന്ന് കാണാം. ഉദാഹരണം വേളം ഹൈസ്കൂൾ ചേരാപുരം സമർപ്പിച്ച ഒന്നാം അർധവർഷ റിട്ടേണിൽ ശ്രീമതി. വസന്തകുമാരി.കെ.ടി. (എച്ച്.എസ്.എ) 30.06.2017 നും ശ്രീ.കേശവൻ നമ്പൂതിരി (എച്ച്.എസ്.എ) 31.05.2017 നും റിട്ടയർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവർ രണ്ട് പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ കാലയളവിലെ ഇവരുടെ വരുമാനം റിട്ടേണിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവ് കൊണ്ടാണ് ഇത്തരം അപാകതകളുണ്ടാവാൻ കാരണം.

കച്ചവടക്കാരിൽനിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കച്ചവടക്കാരെ മുഴുവൻ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇതിന് ഫീൽഡ്തല പരിശോധന നടത്തുന്നതിന് സെക്രട്ടറി ഒരു ടീമിനെ നിയോഗിക്കേണ്ടതാണ്. ഇവർ ഗ്രാമപഞ്ചായത്ത് മുഴുവൻ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റിന് രൂപം നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു ലിസ്റ്റ് തയ്യാറാക്കാതെയാണ് കച്ചവടക്കാരിൽനിന്ന് നികുതി ഈടാക്കിവരുന്നത്.

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതിയിൽനിന്നുള്ള വരവ് വർഷംതോറും ക്രമാനുഗതമായി കുറയുന്ന പ്രവണതയാണ് കാണുന്നത്. 2014-15ൽ 708610/-രൂപ വരവുണ്ടായിരുന്നത് 2015-16ൽ 549670/-രൂപയായും 2016-17ൽ 537970/-രൂപയായും കുറയുന്നതായാണ് കാണുന്നത്. 2017-18 ൽ വരവ് 604100/- രൂപയാണ്.ഇത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോഗത്തിൽ ചർച്ച നടന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ പിന്നീട് ഈ കാര്യത്തിൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചതെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല

3. ഡി.ആന്റ്.ഒ ലൈസൻസ്

സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ കച്ചവടാവശ്യത്തിനുള്ള1646 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഓഡിറ്റ് വർഷം 133 സ്ഥാപനങ്ങൾ മാത്രമേ ഡി.ആന്റ് ഒ. ലൈസൻസ് എടുത്തിട്ടുള്ളൂ. ഡി.ആന്റ്.ഒ അപേക്ഷകൾ ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുമ്പോൾ അപേക്ഷയുടെ മുഴുവൻകോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടോ എന്ന് സെക്ഷൻ

ഉദ്യോഗസ്ഥരും, സൂപ്പർവൈസറി ഉദ്യോഗസ്ഥരും പരിശോധിക്കുന്നില്ല. ഉദാഹരണം ഗീത എം.എം. എന്ന വ്യക്തി ഓഫ് സെറ്റ് പ്രസ് നടത്തുന്നതിന് സമർപ്പിച്ച അപേക്ഷയിൽ കോളം 13 (സ്ഥാപനം നടത്തുന്നതിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ കുതിരശക്തി എത്ര) എന്ന കോളം പൂരിപ്പിക്കാതെയാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. (അപേക്ഷ ക്രമനം.24) എന്നാൽ ഈ അപേക്ഷയിൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്താതെ ലൈസൻസ് അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ സാധ്യതയുണ്ട്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡി.ആന്റ്.ഒ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ എല്ലാസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഉദാഹരണം ആസ്യ, പള്ളിയത്ത്കുനി, പൂളക്കൂൽ എന്ന വ്യക്തി 10.04.2017 ന് സെക്രട്ടറിക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ എന്റെ ഉടമസ്ഥതയിലുള്ള 13/504 നമ്പർ കടമുറിക്ക് ആർക്കെങ്കിലും ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ലൈസൻസ് ആർക്കും അനുവദിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഡി.ആന്റ്.ഒ ലൈസൻസ് എടുക്കാത്ത എത്ര സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്നുള്ളതിന് കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ലെന്നുള്ളതാണിത് കാണിക്കുന്നത്. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തി സമയബന്ധിതമായി നടപടി സ്വീകരിക്കാൻ ഭരണ സമിതി ശ്രമിച്ചിട്ടില്ല.

4. കെട്ടിട നിർമ്മാണ ലൈസൻസ്.

ഗ്രാമ പഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് എടുക്കാതെ എത്ര ബിൽഡിംഗുകൾ പണിതിട്ടുണ്ടെന്നുള്ളതിന് കൃത്യമായ കണക്കുകൾ ലഭ്യമല്ല. ബിൽഡിംഗ് പെർമിറ്റ് എടുത്തവയുടെ കാര്യത്തിൽ 3 വർഷം പൂർത്തിയാവുമ്പോൾ പെർമിറ്റ് കാലഹരണപ്പെടും. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കുന്നതെന്ന് കാണിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ബിൽഡിംഗ് എക്സ്റ്റൻഷനുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥർ നിർമ്മാണം റിപ്പോർട്ട് ചെയ്തെങ്കിൽ മാത്രമേ ഗ്രാമപഞ്ചായത്തിന് ഇതിൽ തുടർനടപടി എടുക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇത്തരം നിർമ്മാണങ്ങളുടെ കാര്യത്തിൽ ഫീൽഡ്തല ഉദ്യോഗസ്ഥരുടെ റിപ്പോർട്ടോ, ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ചോ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. കമ്മ്യൂണിറ്റി ഹാൾ ബൈലോ ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിസരത്ത് സ്ഥിതിചെയ്യുന്ന കമ്മ്യൂണിറ്റിഹാൾ പ്രവർത്തിക്കുന്നത് ബൈലോയില്ലാതെയാണ്. സർക്കാർ അംഗീകരിച്ച ബൈലോയുടെ അടിസ്ഥാനത്തിലാണ് ഇത് പ്രവർത്തിക്കേണ്ടത്. എന്നാൽ വളരെ വർഷങ്ങളായി ബൈലോയില്ലാതെയാണ് ഇത് പ്രവർത്തിച്ച് വരുന്നത്. വളരെ കുറഞ്ഞ തുകയാണ് നിലവിൽ ഇതിന് വാടകയായി ഈടാക്കിവരുന്നത്. ഹാൾ അഡ്വാൻസായി ബുക്ക്ചെയ്യുമ്പോൾ ഇത് രേഖപ്പെടുത്തുന്നതിന് അഡ്വാൻസ് ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കുന്ന കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്തം വളരെ വലുതാണ്. ധനകാര്യ സ്ഥിരം സമിതി ഡി.സി.ബി. ഇനങ്ങളുടെ പിരിവുമായി ബന്ധപ്പെട്ട് അതിന്റെ യോഗങ്ങളിൽ നിരവധി തവണ അജണ്ടയിലുൾപ്പെടുത്തി ചർച്ച നടത്തുകയും, നികുതിപിരിവ് ഊർജ്ജിതമാക്കേണ്ട കാര്യത്തിൽ ഉദ്യഗസ്ഥരെ ഇത് സംബന്ധിച്ച് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഈ കാര്യങ്ങൾ സമയബന്ധിമായി നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്നുള്ളത് നിരന്തരമായി നിരീക്ഷിക്കുന്ന കാര്യത്തിൽ കമ്മിറ്റി ആവശ്യമായ ജാഗ്രത കാണിച്ചിട്ടില്ല.മുഴുവൻ സ്ഥാപനങ്ങളും നികുതിവലയിൽ ഉൾപ്പെടുന്നു എന്നുറപ്പാക്കാനാവശ്യമായ നടപടികൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ഓഡിറ്റ് വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും

അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

(എ). റെഡീമെയ്ഡ് ഗാർമെന്റ് യൂണിറ്റിന് ലോൺ, സബ്സിഡി അനുവദിക്കൽ

| | |
|---|---|
| പ്രോജക്ട് നം | 73/18 |
| അടങ്കൽ | 200000/- |
| ഫണ്ട് | വികസനം (ജനറൽ) |
| ചെലവ് | 187500/- |
| ബിൽ നം. തീയതി | 23/18/28.03.18 |

ഗ്രാമപഞ്ചായത്തിലെ കുളിക്കുന്ന് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന പോഷിണി കുടുംബശ്രീ ആക്റ്റിവിറ്റി ഗ്രൂപ്പിന് റെഡീമെയ്ഡ് വസ്ത്രനിർമ്മാണത്തിനും വിപണനത്തിനും വേണ്ടി സബ്സിഡി, ലോൺ എന്നിവ നൽകുന്നതിനാണ് മേൽ പദ്ധതി നടപ്പാക്കിയത്.പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.ഗ്രൂപ്പിന്റെ മിനുട്സ്ബുക്ക്, കാഷ്ബുക്ക് ബേങ്ക്പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യഗസ്ഥനോ, ബേങ്ക് പ്രതിനിധികളൊ ഗ്രൂപ്പിന്റെ യോഗത്തിൽ പങ്കെടുത്ത് പദ്ധതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായിട്ടില്ല. കേരള ഗ്രാമീൺ ബാങ്ക് പൂളക്കൂൽ ശാഖയാണ് ഗ്രൂപ്പിന് ലോൺ നൽകിയിരിക്കുന്നത്. 250000/-രൂപയാണ് ലോൺ തുക ഇതിൽ സബ്സിഡി 187500/-രൂപയും ലോൺ 62500/-രൂപയുമാണ്. നിലവിൽ പ്രതിമാസ തിരിച്ചടവ് 8000/-രൂപയാണ്. ലോണിന്റെ ലോക്ക് ഇൻ പിരീഡ് 3 വർഷമാണെന്നിരിക്കേ ഇത്രയും തുക തിരിച്ചടവായി ഈടാക്കേണ്ടതില്ല. ബാങ്ക് നാമമാത്രമായ ലോൺ മാത്രമാണ് നൽകിയതെന്നിരിക്കേ, ഗ്രാമപഞ്ചായത്ത് നൽകിയ സബ്സിഡി തുകയ്ക്ക് കൂടി പലിശ ഈടാക്കുന്നത് കൊണ്ടാണ് അധികം തുക തിരിച്ചടവിനായി കണക്കാക്കിയത്. സബ്സിഡി തുകയ്ക്ക് പലിശ ഈടാക്കാൻ പാടില്ല. ലോണിന്റെ തിരിച്ചടവ്, പലിശനിരക്ക്, ലോണുമായി ബന്ധപ്പെട്ട മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് ഗ്രൂപ്പിന്റെ പ്രസിഡന്റിനോ, സെക്രട്ടറിക്കോ വ്യക്തമായ ധാരണയില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബശ്രീ ഗ്രൂപ്പുകളെ ശാക്തീകരിക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതി, കുടുംബശ്രീ സി.ഡി.എസ്, ബാങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ഭാഗത്ത്നിന്നുള്ള വീഴ്ചയാണ് ഇതിന് കാരണമായത്. ഗ്രൂപ്പുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കാതെ ബാങ്ക് ലോൺ നൽകുന്നത് ശരിയായ നടപടിയല്ല.

2. ജി.ഒ.(എം.എസ്)നം.72/2017/ത.സ്വ.ഭ.വ. തി.29.03.2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.12-5-3 ൽ തൊഴിൽ സംരഭക ഗ്രൂപ്പുകളിലെ ബി.പി.എൽ അംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്.കേന്ദ്ര സംസ്ഥ വികസന വകുപ്പുകളൊ,അവയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മുഖേനയോ ആണ് പരിശീലനം നൽകേണ്ടത്. പരിശീലനചെലവിന്റെ 10 ശതമാനം തുക പരിശീലനാർത്ഥിയുടെ വിഹിതമായി പദ്ധതിയിൽ വകയിരുത്തണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ മേൽ നിർദ്ദേശിച്ച പ്രകാരം പരിശീലനം നൽകാതെയാണ് ലോൺ അനുവദിച്ചിരിക്കുന്നത്.

3. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിശദമായ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

(ബി).ലൈഫ് ഭവന പദ്ധതി ബ്ലോക്ക്പഞ്ചായത്തിന് വിഹിതം കൈമാറൽ

| | |
|---|---|
| പ്രോജക്ട്നം | 244/18 |

| | |
|---|---|
| അടങ്കൽ | 600000/- |
| ഫണ്ട് | വികസനം (ജനറൽ) |
| ചെലവ് | 600000/- |
| ബിൽനം. തീയതി | 12/18/07.03.18 |

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന് വിഹിതം കൈമാറുന്നതിനുള്ള പദ്ധതിയാണിത്. തുക കൈമാറിയെങ്കിലും വിനിയോഗ വിവരം കാണിക്കുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(സി).പി.എം.എ.വൈ.അധികധനസഹായം

| | |
|---|---|
| പ്രോജക്ട്നം | 67/18 |
| അടങ്കൽ | 80000/- |
| ഫണ്ട് | വികസനം(ജനറൽ) |
| ചെലവ് | 80000/- |
| ബിൽനം. തി. | 04/18/27.10.17 |

പി.എം.എ.വൈ. ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഗുണഭക്താക്കൾക്ക് നൽകുന്നതിന് വേണ്ടി കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന് വിഹിതം കൈമാറുന്നതിനുള്ള പദ്ധതിയാണിത്. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(ഡി)സ.ഉ.(എം.എസ്) നം196/2017/ത.സ്വ.ഭ.വ തി.11-10-2017 പ്രകാരമുള്ള ഉത്തരവിൽ ലൈഫ് ഭവനപദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓരോ തദ്ദേശഭരണ സ്ഥാപനവും സ്ഥാപനതലത്തിലും,വാർഡ് തലത്തിലും കർമ്മസമിതികൾ രൂപീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.ഇത്തരം കർമ്മസമിതികൾക്ക് പദ്ധതിനിർവ്വഹണത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ട്. എന്നാൽ ഇത്തരത്തിലുള്ള കർമ്മസമിതികൾ രൂപീകരിച്ചതിന്റെ മിനുട്സ് ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സ്റ്റാന്റിംഗ് കമ്മിറ്റി,വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ചുമതലകൾ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ക്ഷേമകാര്യ സ്ഥിരം സമിതിയുടേയും,ദാരിദ്ര്യലഘൂകരണ വർക്കിംഗ് ഗ്രൂപ്പിന്റെയും പ്രവർത്തനം തൃപ്തികരമല്ല.പദ്ധതി രൂപീകരണം മുതൽ പൂർത്തീകരണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ മേൽ കമ്മിറ്റികൾ വഹിക്കേണ്ട നേതൃത്വപരമായ പങ്ക് നിർവ്വഹിക്കുന്നതിൽ പൂർണ്ണമായും വിജയിച്ചിട്ടില്ല.ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികളെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നതായോ,തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ചനടന്നതല്ലാതെ പദ്ധതിയുടെ തുടർപ്രവർത്തനങ്ങളെക്കുറിച്ചും,മോണിറ്ററിംഗിലും കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല.

## 3-2 പട്ടികജാതി യുവാക്കൾക്ക് ടാക്സികാർ: അപാകതകൾ

പ്രൊജക്ട് :എസ്.സി.യുവജനങ്ങൾക്ക് പിക്അപ് വാൻ

പ്രൊജക്ട് നമ്പർ :69/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

ബിൽ നമ്പർ,തുക : 13/24-03-2018, 332,000 /-

പ്രൊജക്ട് പ്രകാരം, ചന്ദ്രൻ.എൻ.എം,നാഗത്ത് മീത്തൽ,ഹരീഷ്,ഞളേരിമ്മൽ എന്നീ ഗുണഭോക്താക്കൾ സ്വയം തൊഴിലായി ടാക്സി ഓടിക്കുന്നതിനു വേണ്ടി മാരുതിയുടെ സെലേരിയോ കാർ വാങ്ങിയിട്ടുണ്ട്. 498,593/-രൂപ വീതം വിലവരുന്ന പ്രസ്തുത കാറിന്റെ വിലയുടെ 33.33 % തുകയായ 166,000/-രൂപ വീതം രണ്ട് പേർക്ക് ആകെ 332,000/-രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. പ്രൊജക്ട് സംബന്ധിച്ച അപാകത ചുവടെ കൊടുക്കുന്നു.

1) വാർഷിക വരുമാന പരിധി 200,000/-രൂപ വരെയുള്ളവരായിരിക്കണം ഗുണഭോക്താക്കൾ എന്ന നിബന്ധന ഉറപ്പു വരുത്തിയിട്ടില്ല.

2) നിലവിൽ 4/6 ചക്ര വാഹന ഉടമയായിരിക്കരുത് എന്ന നിബന്ധന ഉറപ്പാക്കിയിട്ടില്ല.

3) 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടക്കണം.ഇത് ഉറപ്പു വരുത്താനായി കരാർ വെക്കുകയുണ്ടായിട്ടില്ല.കൂടാതെ ഇത് നിരീക്ഷിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

ഗ്രാമസഭയിൽ നിന്നും നിർദ്ദേശിക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് യോഗ്യതാ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള രേഖകൾ പരിശോധിച്ചുറപ്പുവരുത്താൻ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവഹണ ഉദ്യോഗസ്ഥനും ബാധ്യസ്ഥരാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും അസി.സെക്രട്ടറിയും ഈ ഉത്തരവാദിത്തം നിറവേറ്റിയതായി കാണുന്നില്ല.

1,2 അപാകത പരിഹരിക്കാനായി വരുമാന സർട്ടിഫിക്കറ്റും നിലവിൽ 4/6 ചക്ര വാഹനങ്ങൾ ഇല്ലെന്ന സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.അപാകത 3 പരിഹരിക്കുന്നതിനായി,5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്യുകയില്ലെന്നും അങ്ങനെ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടക്കാൻ തയ്യാറാണെന്നുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കരാർ വെക്കേണ്ടതാണ്.കൂടാതെ നിലവിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയതിട്ടില്ലെന്ന് പരിശോധിച്ചുറപ്പുവരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-3 പമ്പ് സെറ്റ് വിതരണം: കൈവശ ഭൂമിയുടെ കൃത്യത ഉറപ്പുവരുത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് : ജലസേചന പമ്പ് സെറ്റ് വിതരണം

പ്രൊജക്ട് നമ്പർ : 34/18

ബിൽ നമ്പർ, തുക : 8/26-03-2018, 186,263/-

പ്രൊജക്ട് പ്രകാരം, ആകെ 186,263/-രൂപ 28 ഗുണഭോക്താക്കൾക്ക് പമ്പ്സെറ്റ് വാങ്ങിയതിന് സബ്സിഡിയായി നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്)നം.8/2017/ത.സ്വ.ഭ.വ തിയ്യതി 03-04-2017 അനുസരിച്ച് നാമമാത്ര/ചെറുകിട കർഷകർക്ക് മാത്രമെ പമ്പ് സെറ്റിന് സബ്സിഡി നൽകാൻ പാടുള്ളൂ. എന്നാൽ സബ്സിഡി അനുവദിച്ച 28 ഗുണഭോക്താക്കൾക്കും 5 ഏക്കറിൽ കൂടുതൽ കൈവശ ഭൂമിയില്ലെന്ന് ഉറപ്പുവരുത്തി കാണുന്നില്ല. കൂടാതെ ഗുണഭോക്താക്കളുടെ കാർഷികാവശ്യവും സാധ്യതയും സംബന്ധിച്ച് കൃഷിഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഇങ്ങനെയൊരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല സബ്സിഡി നൽകിയിരിക്കുന്നത്. 11ഗുണഭോക്താക്കൾക്ക് കൃഷി വകുപ്പ് മുഖേനയുള്ള പമ്പ്സെറ്റ് സബ്സിഡി നൽകിയിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുമ്പോൾ കൃഷി വകുപ്പ് മുഖേനയുള്ള സ്രോതസ്സ് പരിഗണിക്കുകയുണ്ടായിട്ടില്ല. ഗ്രാമസഭയിലൂടെ തിരഞ്ഞെടുക്കപ്പെട്ട് വരുന്ന ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിൽ നിർവഹണഉദ്യോസ്ഥനും വികസന സ്റ്റാന്റിംഗ് കമ്മറ്റിക്കും വീഴ്ച വന്നതിനാലാണ് മേൽ അപാകതകൾ സംഭവിച്ചത്. മേൽ രേഖകളുടെ അഭാവത്തിൽ കാരണം 222,968/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. വകുപ്പ് പദ്ധതിയിലും പഞ്ചായത്ത് പദ്ധതിയിലും ഒരേ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കുന്ന രേഖകളോ സാക്ഷ്യപത്രങ്ങളോ ഹാജരാക്കേണ്ടതാണ്

അധിക നിരക്ക് നൽകി

ഈ പ്രൊജക്ട് പ്രകാരം റംല പൂമംഗലത്ത് എന്ന ഗുണഭോക്താവിന് 7500/- രൂപ പമ്പ്സെറ്റിന് സബ്സിഡിയായി

നൽകിയിട്ടുണ്ട്.ഇവർ വാങ്ങിയ പമ്പ് സെറ്റിന്റെ ബിൽ പ്രകാരമുള്ള വില ചുവടെ കാണിക്കുന്നു.

| | |
|---|---|
| മോട്ടോർ | 8500 |
| ആക്സസറീസ് | 2802 |
| ആകെ | 11302 |

മേൽ തുകയുടെ 50% പരമാവധി 5651/-രൂപ മാത്രമാണ് സബ്സിഡിയായി നൽകുന്നതിന് പകരം 7500/-രൂപയാണ് നൽകിയിരിക്കുന്നത്. 1849/-രൂപ അധികമായി നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 വനിതകൾക്ക് പശുവിതരണം:ക്ഷീര മേഖലയിൽ പ്രതിഫലിക്കുന്നില്ല.

പ്രൊജക്റ്റ് :വനിതകൾക്ക് പശു വിതരണം

പ്രൊജക്റ്റ് നമ്പർ :12/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

ചെലവഴിച്ച തുക : 800,000 /-

16ഗുണഭോക്താക്കൾക്ക് 10 ലിറ്റർ കറവയുള്ള പശുക്കളെ വാങ്ങിയതിന് 400,000/- രൂപ ഗുണഭോക്തൃ വിഹിതമടക്കം 800,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷത്തിലും ഇത്തരം പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. 2016-17 വർഷം 38 വനിതകൾക്കാണ് 10ലിറ്റർ കറവയുള്ള പശുക്കളെ വിതരണം നടത്തിയിട്ടുള്ളത്. 2016-17ൽ പശു വിതരണം നടത്തിയ വനിതകളുടെ പേരുവിവരം ചുവടെ.

| | പേര് | മേൽവിലാസം |
|---|---|---|
| 1 | പാത്തു.സി.കെ | ചെട്ട്യാംകണ്ടി |
| 2 | കുഞ്ഞയിശു | തയ്യിൽ |
| 3 | ഉമ്മുകൊൽസു | കിഴക്കയിൽ |
| 4 | സുബൈദ | പാലയുള്ളതിൽ |
| 5 | ലൈല | കളരിക്കണ്ടി മീത്തൽ |
| 6 | ദേവി | പുത്തൻപുരയിൽ |
| 7 | അലിയുമ്മ | പുതുശ്ശേരി |
| 8 | നെബീസ | കയ്യുണ്ടത്തിൽ |
| 9 | റസില.ടി.കെ | ആയടക്കണ്ടിയിൽ |
| 10 | ജാനവമ്മ | തടത്തിൽകണ്ടി |
| 11 | ഓമന | തറവട്ടത്ത് |
| 12 | കുഞ്ഞാമി | എടച്ചേരിക്കണ്ടി |
| 13 | ജാനകി | മലയിൽ |
| 14 | കദീശ | ചെറിയാണ്ടി |
| 15 | കദീശ | മീത്തലെ ചാലിക്കണ്ടി |
| 16 | ചന്ദ്രി | താന്നിക്കുൽ |

| | | |
|---|---|---|
| 17 | മാണിക്കം | മാതാംഞ്ചേരി |
| 18 | കദീജ | പടിഞ്ഞാറെക്കണ്ടി |
| 19 | റീജ | വെങ്ങച്ചേരി |
| 20 | ബിയാത്തു | ചോലേരി |
| 21 | ഷൈനി | കെല്ലിയിൽ |
| 22 | ലീല | മഠത്തിക്കുന്നുമ്മൽ |
| 23 | മാതു | മത്തത്ത് |
| 24 | ദേവി | ഉരാളുകണ്ടി |
| 25 | പ്രേമ | അണ്ണാന്തോടി |
| 26 | കദീജ | മലയന്റെ പറമ്പിൽ |
| 27 | ലീല | കുഴിവയൽ |
| 28 | കദിയ | കാരക്കണ്ടി |
| 29 | ദേവി | ആയാടക്കണ്ടി |
| 30 | ജാനു | മത്തത്ത് |
| 31 | സുബൈറത്ത് | കച്ചേരിക്കണ്ടി |
| 32 | നാരായണി | ചുവന്നപറമ്പിൽ |
| 33 | കുഞ്ഞാമി | കുന്നത്ത് |
| 34 | ദേവി | തയ്യിൽ |
| 35 | ഷീബ | ചെട്ട്യാംകണ്ടി |
| 36 | റംല | പരപ്പിൽ |
| 37 | സുബൈദ | വാളുക്കൽ പറമ്പത്ത് |
| 38 | ചന്ദ്രി | കോരൻതൊടിക്കണ്ടി മീത്തൽ |

2016-17ൽ വർഷത്തിൽ മുകളിൽ പരാമർശിച്ച 38 വനിതകൾക്ക് 10 ലിറ്റർ കറവയുള്ള പശുക്കളെ വിതരണം നടത്തിയതിൽ 38 പേർ ദിവസം 10 ലിറ്റർ പാൽ വെച്ച് ഒരു ദിവസം 380 ലിറ്റർ പാൽ സൊസൈറ്റിയിൽ നൽകേണ്ടിയിരുന്നു. എന്നാൽ ഇവരിൽ 4പേർ ഒഴികെ (സുബൈദ പാലയുള്ളതിൽ,കദീശ മീത്തലെ ചാലിക്കണ്ടി, ലീല മഠത്തിക്കുന്നുമ്മൽ, ഷീബ ചെട്ട്യാംകണ്ടി) ബാക്കിയാരും പഞ്ചായത്തിലെ 4 ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുകയുണ്ടായിട്ടില്ല. ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുകയുണ്ടായിട്ടില്ലാത്തതിനാൽ ഇവർക്ക് അളക്കുന്ന പാലിനുള്ള ഇൻസെന്റീവിന് അർഹരല്ല. 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച പശുവിനെ വിൽക്കില്ലെന്ന് പഞ്ചായത്തുമായി ഉടമ്പടി വെച്ചതിനുശേഷം മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ആയതിനാൽ പശുവിനെ എന്തുചെയ്തു എന്നുള്ള വിശദീകരണം നൽകേണ്ടതാണ്. പ്രൊജക്ട് തയ്യാറാക്കുമ്പോൾ മുൻകാല പ്രൊജക്ടുകളുടെ വിജയവും ഫലപ്രാപ്തിയും വിശകലനത്തിന് വിധേയമാക്കപ്പെടേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും വർക്കിംഗ് ഗ്രൂപ്പും ഇക്കാര്യത്തിൽ തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം നിറവേറ്റുകയുണ്ടായിട്ടില്ല. പശുവളർത്തൽ എന്ന പ്രൊജക്ടിന്റെ ആത്യന്തിക ലക്ഷ്യം പാലുൽപ്പാദന വർദ്ധനവാണെന്നിരിക്കെ അത് ഉറപ്പുവരുത്താൻ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പിന് സാധിച്ചിട്ടില്ല. മേൽ പറഞ്ഞ 38 ഗുണഭോക്താക്കളും നിലവിൽ പഞ്ചായത്ത് നൽകിയ പശുവിനെ വളർത്തുന്നുണ്ടെന്ന് പരിശോധിച്ചുറപ്പുവരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അവരിൽ നിന്നും സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-5 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കൂലിചെലവ് അനുവദിച്ചു

പ്രൊജക്റ്റ് :നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

പ്രൊജക്റ്റ് നമ്പർ :23/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ബിൽ നമ്പർ,തുക : 1) 9/26-03-2018, 588,670 /-

ചെക്ക് നമ്പർ,തുക : 2) 3471595/21-03-2018, 588,670 /-

മേൽ പ്രൊജക്റ്റ് പ്രകാരം 202പേർക്ക് നെൽകൃഷി വികസനം ലക്ഷ്യമാക്കി,നെൽകൃഷി കർഷകർക്ക് തങ്ങൾ കൃഷി ചെയ്ത ഭൂവിസ്തൃതിക്കനുസൃതമായി കൂലിച്ചെലവ് സബ്സിഡി നൽകിയിട്ടുണ്ട്.

1) ജി.ഒ. (എം.എസ്) 80/2017 ത.സ്വ.ഭ.വ തിയ്യതി.03-04-2017 അനുസരിച്ച് നാമമാത്ര/ചെറുകിട കർഷകർക്ക് അവർ കൃഷിചെയ്ത ഭൂവിസ്തൃതിക്കനുസരിച്ചാണ് നെൽകൃഷി ചെയ്തതിനുള്ള കൂലിചെലവ് സബ്സിഡി നൽകേണ്ടത്, മുൻകൂറായി വിള ഇൻഷൂറൻസ് ,ചെയ്തവർക്ക് മാത്രമാണ്.എന്നാൽ 202 ഗുണഭോക്താക്കൾക്കും ആകെ 11,77,340/-രൂപ കൂലിച്ചെലവ് സബ്സിഡി നൽകിയത് വിള ഇൻഷൂറൻസ് ചെയ്യാതെയാണ്.

2) കൃഷി വകുപ്പ് ഇതേ പദ്ധതി വകുപ്പുതലത്തിൽ നടപ്പിലാക്കുന്നുണ്ട്.എന്നാൽ ഒരേ ഗുണഭോക്താക്കൾ രണ്ടു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കുന്ന രേഖകളോ സാക്ഷ്യപത്രങ്ങളോ ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റ് തയ്യാറാക്കുമ്പോഴോ നടപ്പിലാക്കുന്ന ഘട്ടങ്ങളിലോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ഗ്രാമസഭകൾക്കോ, പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോൾ വിവിധ സ്രോതസ്സുകൾ പരിഗണിക്കുന്നതിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കോ വേണ്ടത്ര ജാഗ്രത പാലിക്കാൻ സാധിക്കുകയുണ്ടായിട്ടില്ല.

മുൻകൂറായി വിള ഇൻഷൂറൻസ് ചെയ്യാതെ കൂലിച്ചെലവ് സബ്സിഡി നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെടേണ്ടതാണ്. കൃഷി വകുപ്പ് പദ്ധതിയിലും പഞ്ചായത്ത് പദ്ധതിയിലും ഒരേ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കുന്നരേഖകളോ സാക്ഷ്യപത്രങ്ങളോ ഹാജരാക്കേണ്ടതാണ്. ഈ അപാകതകളുടെ അടിസ്ഥാനത്തിൽ 11,77,340/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാർഷിക മേഖലയിലെ പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോഴും നടപ്പിലാക്കുമ്പോഴും സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമായാണെന്ന് ഉറപ്പുവരുത്താൻ ഇടപെടലുകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുണ്ടാവേണ്ടതാണ്.

## 3-6 തുല്യതാ പഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

വേളം ഗ്രാമ പഞ്ചായത്തിലെ 43 പഠിതാക്കളുടെ 10-ാംക്ലാസ് തുല്യതാപഠനത്തിലുള്ള കോഴ്സ്ഫീസായ 73,500/-രൂപ ബിൽ നമ്പർ 2/23-11-2017പ്രകാരം പിൻവലിച്ച് അടവാക്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ 10-ാംക്ലാസ് തുല്യതാപഠനത്തിനായി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോൾ അവലംബിക്കുന്ന ഡാറ്റകൾക്കനുസൃതമായി പ്രൊജക്റ്റ് നടത്തിപ്പിന്റെ ഓരോ ഘട്ടങ്ങളിലും വർക്കിംഗ് ഗ്രൂപ്പിന്റെ കൃത്യമായ ഇടപെടൽ ഉണ്ടാവേണ്ടതായിരുന്നുവെങ്കിലും ആവശ്യമായ രേഖകൾ പരിശോധിക്കപ്പെടുകയുണ്ടായിട്ടില്ല.പഠിതാക്കൾ 10-ാംക്ലാസ് തുല്യതാപഠനത്തിനായി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ തുടങ്ങിയ പഠിതാക്കളെ സംബന്ധിച്ച മുഴുവൻ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-7 തെരുവു വിളക്ക് സ്ഥാപിച്ചതിന്റെ രേഖകളില്ല

പ്രൊജക്റ്റ് :തെരുവു വിളക്കു സ്ഥാപിക്കൽ

പ്രൊജക്റ്റ് നമ്പർ :62/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ,തുക : 195,000 /-

